**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (എ) | നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. വിവിധ വർഷങ്ങളിൽ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും, ടി.ആർ.ഡി.എം മുഖേനയും, സ്പെഷ്യൽ കേസ്സായി പരിഗണിച്ചും അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണവും നടന്നു വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിർമ്മിച്ച നൽകിയ വീടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ കാലയളവിൽ വകുപ്പ് മുഖേന എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി വായ്പ അനുവദിച്ചിട്ടുണ്ട്; ഈ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന പുനരുദ്ധാരണത്തിനായി വായ്പ അനുവദിക്കുന്നില്ല.<br><br>2016 മുതൽ 2022-23 (31/01/2023) വരെ 81.19 കോടി രൂപ ചെലവഴിച്ച് 6730 വീടുകളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. |
| (സി) | ലൈഫ് ഭവന പദ്ധതി മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കാര്യക്ഷമമായി ഭവന നിർമ്മാണ സഹായം അനുവദിക്കുവാൻ സാധിക്കുന്നില്ല എന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള ബദൽ മാർഗങ്ങൾ വ്യക്തമാക്കുമോ? | (സി) | അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണ ധനസഹായം കാര്യക്ഷമമായി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പട്ടികവർഗ്ഗ വികസന വകുപ്പ്, ടി.ആർ.ഡി.എം എന്നിവ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിയ വീടുകളുടെ വിവരം

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 2016-17 | 6169 | 2985 | 18617.20 |
| 2017-18 | 838 | 195 | 1100.98 |
| 2018-19 | 187 | 98 | 1297.16 |
| 2019-20 | 268 | 152 | 1646.92 |
| 2020-21 | 337 | 267 | 531.40 |
| 2021-22 | 58 | 150 | 544.70 |
| 2022-23 | 3 | 113 | 138.90 |
| **ആകെ** | **7860** | **3960** | **23877.26** |

സെക്ഷൻ ഓഫീസർ